പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1824 — 5.12.2014 ൽ മറുപടിയ്ക്ക്

## വികലാംഗർക്കുള്ള വൈകല്യ സർട്ടിഫിക്കറ്റുകൾ

ചോദ്യം — മറുപടി

ശ്രീ.പി.ഉബൈദുള്ള — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) 1995 ലെ ഡിസെബിലിറ്റി ആക്ട് പ്രകാരം എല്ലാ വികലാംഗർക്കും വൈകല്യ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വികലാംഗർക്ക് ഐ.ഡി കാർഡുകളും സർട്ടിഫിക്കറ്റും വിതരണം ചെയ്തതിന്റെ കണക്കുകൾ ജില്ലാ തലത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൽകപ്പെട്ട തിരിച്ചറിയൽ കാർഡിന്റെയും സർട്ടിഫിക്കറ്റിന്റെയും ജില്ലാതല കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആകെ എണ്ണം |
|---|---|---|
| | തിരുവനന്തപുരം | 4104 |
| | കൊല്ലം | 4513 |
| | പത്തനംതിട്ട | 2287 |
| | ആലപ്പുഴ | 5581 |
| | കോട്ടയം | 5864 |
| | ഇടുക്കി | 2517 |
| | എറണാകുളം | 6770 |
| | തൃശ്ശൂർ | 7008 |
| | പാലക്കാട് | 6013 |
| | മലപ്പുറം | 10418 |
| | കോഴിക്കോട് | 8083 |
| | വയനാട് | 1841 |
| | കണ്ണൂർ | 6102 |
| | കാസർഗോഡ് | 4306 |
| | ആകെ | 75407 |

ജില്ലാ തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകി വരുന്നുണ്ട്.

| | |
|---|---|
| (സി) ജില്ലാതലത്തിലും മണ്ഡല തലത്തിലും പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ഇതേവരെ കാർഡ് ലഭിച്ചിട്ടില്ലാത്തവർക്ക് സാമൂഹ്യസുരക്ഷാ മിഷൻ വഴി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തുവാനുദ്ദേശിക്കുന്ന വികലാംഗ സെൻസസിന്റെ അടിസ്ഥാനത്തിൽ ഇനിയും സർട്ടിഫിക്കറ്റും കാർഡും ലഭിക്കാത്തവരുടെ കണക്കുകൾ ശേഖരിച്ച് ടി രേഖകൾ ലഭിക്കാത്തവർക്ക് ആയത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ